ഡിജിറ്റൽ  മാഗസിൻ



# മഞ്ചാടി

**പി എം വി എച്ച് എസ്സ്, പെരിങ്ങര.**

## ആമുഖം

ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം ആരംഭിച്ച ലിറ്റിൽ കൈറ്റ് യൂണിറ്റിൽ അഭിരുചി പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട 20 കുട്ടികൾ അംഗങ്ങളായുണ്ട്. ഇവരിൽനിന്നും മിഥുൻ പ്രദീപ്, സ്നേഹ എന്നിവരെ ലീഡർമാരായി തെരഞ്ഞെടുത്തു. ഇവരുടെ നേതൃത്വത്തിൽ സ്കൂളിലെ കുട്ടികളിൽ നിന്നും ശേഖരിച്ച ഏതാനും ചില കൃതികൾ ഉൾപ്പെടുത്തിയാണ് ഈ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്.

# <u>ഉള്ളടക്കം</u>

1. *ഓർമ്മതൻ ഓളങ്ങൾ* *പേജ്* 4
2. *മാതാ പിതാ സ്നേഹം* *പേജ്* 5
3. *ആ മഴ തുള്ളികൾ എൻ മഴ തുള്ളിയായി* *പേജ്* 7
4. Computer song *പേജ്* 9
5. *ഒരു അമ്മ ക്കിനാവ്* *പേജ്* 10
6. *ജലവും വരൾച്ചയും* *പേജ്* 11
7. Pencil drawings *പേജ്* 12

# ഓർമ്മതൻ ഓളങ്ങൾ

ഓർമ്മതൻ ഓളങ്ങൾ
തിരതല്ലിടുന്നൊരാ
വിദ്യാലമുറ്റത്തുചേന്നിടുമ്പോൾ

എൻ പിഞ്ചുകൈമുറുകിപ്പിച്ചൊരാ
അമ്മതൻ സ്നേഹമതോർക്കുന്നു ഞാൻ

മാവിൻ ചുവട്ടിൽ
പൊഴിഞ്ഞു വീഴുന്നൊരാ-
മധുരം നുണഞ്ഞിടുമ്പോൾ

കൂട്ടുകൂടി പിണങ്ങി ഇണങ്ങിയ
സഹപാഠിതൻ സൗഹൃദ
മധുരം നുണഞ്ഞിടുന്നു

അമ്മയായി നന്മയായി
സുഹൃത്തായി
വിളങ്ങുന്ന എൻ
ഗുരുനാഥനെ ഓർത്തിടുമ്പോൾ

ഓർക്കുന്നു ഞാൻ
പിന്നിട്ട വഴികൾതൻ
ഓർമ്മകൾ
ഓർമ്മകൾ മുറുകി
പിടിച്ചിന്നു ഞാൻ
ഏകയായി നിന്നിടുമ്പോൾ

ഏകയാണെങ്കിലും
ഏകാകിയായി ഞാൻ
ജീവിപ്പൂ,
ഓർമ്മതൻ ഓളങ്ങളിൽ

**Arya s Kumar, Std X**

# മാതാ പിതാ സ്നേഹം

ഒരു പുലർച്ചയിൽ രാമു ഉണർന്ന് വന്നപ്പോൾ ഗോതമ്പ് ദോശയും ചമ്മന്തിപ്പൊടിയും.അവൻ അവന്റെ അമ്മയോട് ചോദിച്ച "കഴിക്കാൻ ഒന്നും ഇല്ലേ"? അവന്റെ അമ്മ പറഞ്ഞു "ഇന്ന് ഇത് കഴിക്ക മോനേ, വേറെ ഒന്നും ഇല്ല ഇന്ന് " .അവന്റെ അച്ഛന് കൂലിപ്പണിയാണ് . 3 ആഴ്ച്ചയായിട്ട് അവന്റെ അച്ചന് ജോലി ഒന്നും ഇല്ല.അവന്റെ കയ്യിൽ കഴിക്കാൻ കൊടുത്തിട്ട് അവന്റെ അമ്മ അടുക്കളയിലേക്ക് പോയി . പെട്ടെന്ന് ഒരു വലിയ ശബ്ദം കേട്ടു . അമ്മ ഓടി വന്നു നോക്കിയപ്പോൾ അവന് കഴിക്കാൻ കൊടുത്ത എല്ലാം താഴെ കിടക്കുന്നു .അമ്മ ചോദിച്ച "എന്താണിത് രാമു ?കഴിക്കാൻ തന്നത് നിലത്ത് വലിച്ചെറിഞ്ഞോ?". അവൻ ദേഷ്യത്തോടെ മിണ്ടാതെ ഒരു നിമിഷം നിന്നു. അതിനുശേഷം പുറത്തേക്ക് ഓടിക്കളഞ്ഞു. രാത്രിയായപ്പോൾ അവൻ തിരികെ വന്നു. വീട് ഇരുട്ട് കൊണ്ട് മൂടികിടക്കുന്നു. അവൻ പുറത്ത് ഇരുന്ന റാന്തൽ കത്തിച്ചുനോക്കിയപ്പോൾ അവന്റെ വീട്ടിൽ ആരുംഇല്ല. കുറേനേരം അവൻ അവന്റെ അമ്മയേയും അച്ഛനേയും വിളിച്ചു. ആരും ഇല്ലായിരുന്നു അവിടെ. അവൻ കരയാൻ തുടങ്ങി. അപ്പോൾ പുറത്തുനിന്ന് അവന്റെ അമ്മയുടെ വിളി കേട്ടു. "രാമു ,രാമു ,നീ തിരികെ വന്നോ"? അവൻ ഓടി പുറത്തുചെന്നപ്പോൾ, അവന്റെ അച്ഛനും അമ്മയും അവിടെ നിൽക്കുന്നു. അവൻ ഓടിച്ചെന്ന് അവന്റെ അമ്മയെ കെട്ടിപ്പിടിച്ചു. എന്നിട്ട് അവന്റെ അമ്മയോട് ചോദിച്ച "എവിടെ പോയിരുന്നു"? അവന്റെ അമ്മ പറഞ്ഞു "ഞങ്ങൾ രഘുവിന്റെ വീട്ടിൽ ജോലി ചെയ്യാൻ പോയിരുന്നു". എന്നിട്ട് അവന്റെ അച്ഛൻ പറഞ്ഞു "ഞങ്ങൾക്ക് അവിടെ നിന്ന് 200 രൂപ കിട്ടി. അത് വച്ച് നിനക്ക് കഴിക്കാൻ വാങ്ങിച്ചു". അതുകേട്ടപ്പോൾ അവൻ ചോദിച്ചു, "നിങ്ങൾ വല്ലതും കഴിച്ചോ"?.അവർ പറഞ്ഞു "ഇല്ല, ഞങ്ങൾ ഒന്നും കഴിച്ചില്ല". "അതെന്താ"? അവൻ ചോദിച്ചു. "അതും കൂടി നഷ്ടപ്പെട്ടാൽ നാളെ നീ എന്തു കഴിക്കും". അവൻ അതുകേട്ട് കരഞ്ഞുപോയി. അവൻ പറഞ്ഞു "ഞാൻ ഇനി

ജോലി ചെയ്തോളാം". അന്നേരം അവന്റെ അമ്മ പറഞ്ഞു, "നീ ജോലി ചെയ്യണ്ട, പഠിച്ചാൽ

മതി". അതുകേട്ടപ്പോൾ അവൻ പറഞ്ഞു. "ഞാൻ ഇനി പഠിച്ച് ജോലി വാങ്ങിച്ച് അമ്മയേയും അച്ഛനേയും നോക്കിക്കൊള്ളാം". അവന്റെ അച്ഛനും അമ്മയും കരഞ്ഞുപോയി. അവന്റെ അച്ഛൻ പറഞ്ഞു, ഈ സമയത്ത് നീ ഒരു ഗുണപാഠം  പഠിച്ചു. അതെന്താണ് അവൻ ചോദിച്ചു. സ്നേഹത്തോടെ വളർത്തുന്ന അമ്മയേയും അച്ഛനേയും സ്നേഹിക്കണം.

Ardra Anil,std   5, Division A

# ***ആ മഴ തുള്ളികൾ എൻ മഴ തുള്ളിയായി***

ആ മഴ തുള്ളികൾ
എൻ മഴ തുള്ളിയായി
മാനത്തു നിന്നിങ്ങ്
വന്ന നേരം

വാനാകേ ക്രോധം പിടിച്ചങ്ങു
തുള്ളുന്ന
തുള്ളികൾ താളതിമർപ്പുമായി

കാത്തിരുന്നു അന്നു
ഞാൻ നീ വരും നാളിനായി
ആ കാത്തിരുപ്പിനങ്ങു
പെയ്തിറങ്ങി

തോരാമഴയായി
രാക്ഷസവേഷംപൂണ്ടിന്നു
നീ എൻ മഴത്തുള്ളിയായി

പുഴയും കടന്നങ്ങു
ഒരു മലമ്പാമ്പായി

മഞ്ചാടി

നീ ഇന്നു എൻ വീടും വിഴുങ്ങിടുന്നു

നാടാകെ ഭീതിയിൽ
താന്നങ്ങുപോയപ്പോൾ
വലയേന്തിയ കൈകൾ പിടിച്ചുയർത്തി

എൻ മനസ്സിൻ
കടലാസിൽ ഉന്നിയ

ആ മഴ കവിതകൾ അന്യമായി

വഴിതെറ്റി വന്നൊരാ
ആ മഴക്കാലം എൻ
മിഴികളിൽ ഉള്ളിയായി മാറിടുന്നു.

**Arya s Kumar, Std X**

# Computer song

**Part of the computer**

**Let us tell you all about**

**all about**

**all about**

**Le us tell you all about**

**We click the mouse**

**move the cursor move the cursor**

**We click the mouse**

**to move the cursor**

**on our computer**

**The keyboard it will let us type**

**let us type, let us type**

**The keyboard it will let us type**

**on our computer**

**The head phones let us hear the sound**

**hear the sound, hear the sound**

**The head phones let us hear the sound**

**on our computer**

# ഒരു അമ്മ ക്കിനാവ്

*തിളങ്ങിനിന്നോരു പൂമുഖം*

*അസ്തമയസൂര്യനെപ്പോൽ വാടിപ്പോയി*

*എന്തിന് എന്നെ തനിച്ചാക്കി*

*നിഴലിന്റെ ഉള്ളിൽ മ്ഞ്ഞ്പോയി*

*ഓർത്തിരുന്നു നിന്നെ ഞാൻ*

*മനസ്സിന്റെ ഉള്ളിൽ വിങ്ങലായി*

*എന്റെ അമ്മ എനിക്കൊരു ഓർമ്മയായി*


# ജലവും വരൾച്ചയും

അങ്ങ് അകലെ കോട്ടപ്പുറം എന്ന സ്ഥലത്ത് ഒരു ചെറിയ ഗ്രാമം ഉണ്ട്യിരുന്നു. അവിടെ ഉള്ള എല്ലാ വീടികൾന്റെയും കിണറുകൾ എക്കാലത്തും നിറഞ്ഞുതന്നെ നിൽക്കും. എന്നാൽ അങ്ങനെയിരിക്കെ ഒരു ദിവസം നോക്കുമ്പോൾ നാട്ടുകാരെല്ലാവരും ഗ്രാമപഞ്ചായത്തിന്റെ കിണറിനു ചുറ്റും കൂട്ടം കൂടി നിൽക്കുന്നു. ഞാൻ അവിടെച്ചെന്ന് നോക്കി. ആ സമയം എന്നോട് ഒരാൾ പറഞ്ഞു, "എന്താണെന്നറിയില്ല കിണർ വല്ലാതെ ഉണങ്ങുകയാണ്". ഞാൻ നോക്കിയപ്പോൾ 24 റിംങിന്റെ കിണറിൽ ഏതാണ്ട് 3 റിംങ് വെള്ളം മാത്രമേയുള്ളൂ.


ഈ സംഭവം നടക്കുന്നതിന് തലേ ദിവസംതന്നെ ഈ കിണറിൽനിന്ന് അവിടുത്തെ സ്ത്രീകൾ വെള്ളം കോരിയതാണ്. നാട്ടുകാർ ഈ കിണറ്റിൽ എക്കാലവും ധാരാളം വെള്ളം കാണുമെന്നു കരുതി, ധാരാളം വെള്ളം ചിലവാക്കുമായിരുന്നു. ഈ നാട്ടിൽ വറൾച്ച ഉണ്ടാകും എന്ന് നാട്ടിലെ ഒരു ജ്യോത്സ്യൻ പ്രവചിച്ചിരുന്നു. അത് ആരും കണക്കാക്കിയില്ല. എന്നാൽ ഇപ്പോൾ എല്ലാവരും ആകെ വിഷമത്തിലായി. ഏതു കിണർ വറ്റിയാലും പഞ്ചായത്തുകിണർ വറ്റാറില്ലായിരുന്നു. വരൾച്ച കഠിനമായിരിക്കുമെന്ന് മനസ്സിലായ നാട്ടുകാർ ആകെ വിഷമിച്ചു. വെള്ളം വെറുതെ കളയുമ്പോൾ ഓർക്കുക "വെള്ളം അമൂല്യമാണ്, ജലത്തെ സംരക്ഷിക്കുക"

# Pencil drawings

1



# 2



മഞ്ചാടി

## 3

